## ജേസി ഫൗണ്ടേഷൻ അവാർഡ്

# മോഹൻലാൽ നടൻ പ്രിയങ്ക നടി

**കൊച്ചി:** ജേസി ഫൗണ്ടേഷന്റെ മികച്ച ചിത്രത്തിനടക്കമുള്ള ആറ് അവാർഡ് പഴശ്ശിരാജയ്ക്ക് ലഭിച്ചു. തിരക്കഥയ്ക്ക് എം.ടിക്കും ഗാനരചനയ്ക്ക് ഒഎൻവിക്കും സംഗീതത്തിന് ഇളയരാജയ്ക്കും ശബ്ദലേഖനത്തിന് റസൂൽ പൂക്കുട്ടിക്കും മികച്ച ഗായകന് യേശുദാസിനും അവാർഡ് ലഭിച്ചു. മികച്ച സംവിധായകനുള്ള അവാർഡ് സത്യൻ അന്തിക്കാടിനും (ഭാഗ്യദേവത) നടനുള്ള അവാർഡ് മോഹൻലാലിനും (ഭ്രമരം) ലഭിച്ചു.

മറ്റ് അവാർഡുകൾ; മികച്ച നടി പ്രിയങ്ക (വിലാപങ്ങൾക്കപ്പുറം), സ്റ്റാർ ഓഫ് ദി ഇയർ പൃഥ്വിരാജ് (പുതിയ മുഖം), ഗായിക ദിവ്യ ബി.നായർ (ഭാര്യ ഒന്ന് മക്കൾ മൂന്ന്), നിർമാതാവ് രഞ്ജിത്ത് (കേരള കഫേ), സഹനടൻ: ശശികുമാർ (ലൗഡ് സ്പീക്കർ), സഹനടി: റോസിലിൻ (ഭൂമിമലയാളം), ഹാസ്യനടൻ: ഇന്ദ്രൻസ് (ശുദ്ധരിൽ ശുദ്ധൻ), ഹാസ്യനടി കൃഷ്ണപ്രഭ (ബ്ലാക്ക് ആൻഡ് വൈറ്റ് കുടുംബം), പുതുമുഖ സംവിധായകൻ സജി സുരേന്ദ്രൻ (ഇവർ വിവാഹിതരായാൽ), പുതുമുഖനടൻ ആസിഫ് അലി (ഋതു), പുതുമുഖനടി മൈഥിലി (പാലേരിമാണിക്യം), ബാലനടി ബേബി നയൻതാര (ലൗഡ് സ്പീക്കർ), ബാലനടൻ ധനജെയ് (ഡാഡി കൂൾ), നിർമാണ കാര്യദർശി- ജയ്സൺ എളങ്കുളം. പ്രത്യേക പുരസ്കാരത്തിന് ടി.പി.മാധവൻ, മാള അരവിന്ദൻ എന്നിവരും പ്രത്യേക ജൂറി പരാമർശത്തിന് രൂപശ്രീ, സരയു എന്നിവരും അർഹരായി.



മോഹൻലാൽ



പ്രിയങ്ക



സത്യൻ അന്തിക്കാട്

മികച്ച ടി.വി.സീരിയൽ-മകളുടെ അമ്മ, സീരിയൽ സംവിധായകൻ കുറുപ്പ് മാരാരിക്കുളം (പാരിജാതം), സീരിയൽ നടൻ കിഷോർ (അക്കരെ അക്കരെ), നടി പ്രവീണ (ദേവീ മാഹാത്മ്യം), അവതാരക പ്രീന ആർ.വി. (ഏഷ്യാനെറ്റ് ഗ്ലോബൽ ഗ്രീറ്റിങ്സ്), അവതാരകൻ രാജ് കലേഷ് (പാചക കല, അമൃത ടി.വി.).

മികച്ച ചെറുകഥയായി പി.വത്സല ഗൃഹലക്ഷ്മി ഓണപ്പതിപ്പിലെഴുതിയ പരശുരാമന്റെ വണ്ടി തിരഞ്ഞെടുക്കപ്പെട്ടു. ജ്യോതി മേനോന്റെ ദൈവത്തിന്റെ മാലാഖയാണ് മികച്ച നോവൽ. മികച്ച ചലച്ചിത്ര റിപ്പോർട്ടർക്കുള്ള അവാർഡിന് ചിത്രഭൂമിയിലെ അശ്വതി കൃഷ്ണയും സിനിമ മംഗളത്തിലെ പല്ലിശ്ശേരിയും അർഹരായി.

ജേസിയുടെ 71-ാം ജന്മദിനാഘോഷവും അവാർഡ് ദാനവും സപ്തംബർ 27ന് ഫൈൻ ആർട്സ് ഹാളിൽ വൈകിട്ട് 6 മണിക്ക് നടക്കുമെന്ന് ജേസി ഫൗണ്ടേഷൻ ജന.സെക്രട്ടറി എബ്രഹാം ലിങ്കണും അവാർഡ് കമ്മിറ്റി വൈസ് ചെയർമാൻ കെ.എം.റോയിയും പത്രസമ്മേളനത്തിൽ പറഞ്ഞു. 'ജേസിയുടെ ഓർമയ്ക്കായ്' എന്ന സ്മരണികയുടെ പ്രകാശനവും ഇതോടൊപ്പം നടക്കും. ബാലുമഹേന്ദ്ര, പാപ്പുക്കുട്ടി ഭാഗവതർ, നാടകനടി വിജയകുമാരി എന്നിവരെ ചടങ്ങിൽ ആദരിക്കും.

നവനീതിന്